## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5318 05-07-2012-ൽ മറുപടിയ്ക്ക്**

## മലപ്പുറം കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | മലപ്പുറം കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയത്തിന്റെ ഗ്യാലറിയും അനുബന്ധ പ്രവർത്തികളും പൂർത്തിയായി. അതിന്റെ പ്ലാസ്റ്ററിംഗ് പ്രവർത്തി നടന്നു കൊണ്ടിരിക്കുകയാണ്. ഫുട്ബോൾ ഗ്രൗണ്ടിന്റെ മണ്ണ് നിരത്തി ലെവൽ ചെയ്ത് പുല്ല് പിടിപ്പിക്കുന്ന പ്രവർത്തി നടന്നു വരുന്നു. ഇലക്ട്രിക്കൽ പ്രവർത്തിയും നടന്നുകൊണ്ടിരിക്കുകയാണ്. ആകെ പ്രവർത്തിയുടെ 75% പ്രവർത്തി പൂർത്തിയായി. |
| (ബി) | 2010-11 മുതലുള്ള മൂന്ന് വർഷങ്ങളിലെ ബഡ്ജറ്റിൽ ഇതിനായി എന്ത് തുക വീതം നീക്കിവെച്ചിരുന്നുവെന്നും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; | (ബി) | 2010-11 സപ്ലിമെന്ററിബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സിവിൽ ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിക്കാൻ ഇനിയും എന്ത് തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (സി) | ആകെ സിവിൽ പ്രവർത്തിയും ഇലക്ട്രിക്കൽ പ്രവർത്തിയും 2,87,78,693 രൂപയുടെ പ്രവർത്തിയാണ് ഇപ്പോൾ ചെയ്തു വരുന്നത്. ടർഫിംഗ് പ്രവർത്തിക്ക് 40 ലക്ഷം രൂപയും, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപയും ഇതിന് പുറമേ ആവശ്യമാണ്. രണ്ടാം ഘട്ടമായി ഫ്ളഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് 1 കോടി രൂപയും പ്രതീക്ഷിക്കുന്നു. ആയതിൽ സിവിൽ പ്രവർത്തിക്ക് ഇത് വരെ 2,47,27,996 രൂപയുടെ പണിചെയ്തു |

കഴിഞ്ഞിട്ടുണ്ട്. ആകെ ചെലവ് പ്രതീക്ഷിക്കുന്ന 3,42,78,693 രൂപയിൽ ഇനി ഫ്ളഡ് ലൈറ്റ് സ്ഥാപിക്കുന്നതടക്കം ആകെ സിവിൽ, ഇലക്ട്രിക്കൽ, ടർഫിംഗ് പ്രവർത്തി പൂർത്തിയാക്കാൻ 1,92,78,693 രൂപ ആവശ്യമാണ്.

| | |
|---|---|
| (ഡി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുന്നതിനും നിർമ്മാണപ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുഴുവൻ പ്രവർത്തിയും പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ